# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 858 — 11/03/2015 - ൽ മറുപടിക്ക്

### താനൂർ നിയോജകമണ്ഡലത്തിലൂടെ കനോലി കനാൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴ വരെ എത്ര കിലോമീറ്റർ ദൂരത്തിലാണ് കനോലി കനാൽ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴ വരെ കനോലി കനാലിന്റെ (ടി.കെ.കനാൽ) നീളം 11 കിലോമീറ്റർ ആണ്. |
| (ബി) ഇതിൽ മണ്ണെടുത്ത് ആഴംകൂട്ടി കരകൾ ഭിത്തികെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എത്രകിലോമീറ്റർ ദൂരത്തിൽ നടന്നിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) ഇതിൽ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതു കൂടാതെ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എത്ര തുക വിനിയോഗിച്ചെന്നും ബാക്കി വരുന്ന പ്രവൃത്തികൾക്ക് എത്ര തുക ആവശ്യമായി വരുമെന്നും വിശദമാക്കാമോ; | (സി) മുകളിൽ പ്രതിപാദിച്ച രണ്ട് പ്രവൃത്തികൾക്ക് 900 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല. ബാക്കി പ്രവർത്തികൾക്ക് ഏകദേശം 50 കോടിരൂപ ചെലവ് വരുന്നതാണ്. |
| (ഡി) ചെളി കെട്ടി മാലിന്യം കുന്നുകൂടി യടിഞ്ഞ് കനാലുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ബാക്കി ഭാഗം കൂടി മണ്ണെടുത്ത് കര ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) കനോലി കനാലിന്റെ ബാക്കി ഭാഗം സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ